പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4434 — 25/10/2016 ൽ മറുപടിക്ക്

**<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ തലവന്മാരുടെ നിയമനങ്ങൾ.</u>**

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി. |
|---|---|
| എ) വ്യവസായ വകുപ്പിനു കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ തലവന്മാരുടെ നിയമനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | എ) ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്. എന്നിരുന്നാലും പ്രത്യേക സാങ്കേതിക വൈദഗ്ധ്യം അനിവാര്യമായിട്ടുള്ള ഉത്പാദന മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ നിയമിക്കുന്നതിന്റെ ഭാഗമായി റിയാബ് മുഖേന പത്രപരസ്യം നൽകി നിയമന നടപടികൾ സ്വീകരിച്ചിരുന്നു. ഇതു പ്രകാരം റിയാബ് സമർപ്പിച്ച പാനലിൽ നിന്ന് 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;<br><br>സി) ഇല്ലെങ്കിൽ പ്രസ്തുത നിയമനങ്ങൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | ബി) & സി) എഞ്ചിനീയറിംഗ് ബിരുദം അല്ലെങ്കിൽ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദവും 5 വർഷത്തെ സീനിയർ ലെവൽ പ്രവർത്തിപരിചയം ഉൾപ്പെടെ മൊത്തം 15 വർഷത്തെ പ്രവർത്തിപരിചയവുമാണ് [Post qualification experience] മാനദണ്ഡമായി നിഷ്കർഷിച്ചിരുന്നത്. കൂടാതെ ധനകാര്യം, മാർക്കറ്റിംഗ്, പ്രൊഡക്ഷൻ കമ്പനികളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണനയും നിശ്ചയിച്ചിരുന്നു. ഒപ്പം ഇത്തരം മാനദണ്ഡങ്ങൾ അനിവാര്യമല്ലാത്ത പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമിക്കുന്നതിന് യോഗ്യരായി കണ്ടെത്തിയവർക്കും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരം നിയമനം നൽകിയിട്ടുണ്ട്. |

Bindumol K.N

സെക്ഷൻ ഓഫീസർ